കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

1999 ജൂൺ 23, ബുധൻ

വാല്യം 108] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 3

നിയമസഭ 1999 ജൂൺ മാസം 23-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം.വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ.....ചോദ്യം നമ്പർ 61.

1 (*61) നെൽക്കൃഷി വികസന ഏജൻസികൾ

ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. രാഘവൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽക്കൃഷി വികസന ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്നു വെളിപ്പെടുത്തുമോ;

(ബി) ഇവയ്ക്ക് സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകി വരുന്നതെന്നു വ്യക്തമാക്കുമോ;

(സി) സഹായങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളിലെ സഹായങ്ങളാണ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ടില്ലറുകൾ, കൊയ്ത്തു-മെതിയന്ത്രങ്ങൾ എന്നിവ നൽകിവരുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മേൽപ്പറഞ്ഞ കാർഷികോപകരണങ്ങൾ വാങ്ങാൻ ഏജൻസികൾക്ക് സബ്സിഡി നൽകുന്നുണ്ടോ; എങ്കിൽ എത്ര ശതമാനം എന്ന് വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനത്ത് നെൽക്കൃഷിവികസന ഏജൻസികളുടെ മേൽനോട്ടത്തിൽ റൈസ് മില്ലുകൾ ആരംഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ,

(എ) മുഖ്യമായും നെൽക്കൃഷി വികസനം ലക്ഷ്യമാക്കി ഓണാട്ടുകര, വൈക്കം കരിനിലം, കുട്ടനാട്, പുറക്കാട് കരിനിലം, തൃശ്ശൂർ കരിനിലം, പൊക്കാളി (എറണാകുളം), പൊന്നാനി കോൾനിലം, തൃശ്ശൂർ കോൾനിലം, പാലക്കാട്, വയനാട് എന്നീ വികസന ഏജൻസികൾ പ്രവർത്തിക്കുന്നു.

(ബി) ഏജൻസിയുടെ പ്രവർത്തന പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ കാർഷിക വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾക്ക് സർക്കാർ ധനസഹായം നൽകുന്നു.

(സി) ഏജൻസികൾ തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതികളുടെ അടിസ്ഥാനത്തിൽ അർഹമായ തുക അനുവദിക്കുന്ന രീതിയാണ് നിലവിലുള്ളത്.

(ഡി) ഏജൻസികൾക്ക് ടില്ലർ, കൊയ്ത്തുമെതി യന്ത്രങ്ങൾ എന്നിവ ഗവൺമെന്റ് നൽകുന്നില്ല.

(ഇ) ഇല്ല.

(എഫ്) വൈക്കം കരിനിലവികസന ഏജൻസിയുടെ മേൽനോട്ടത്തിൽ കോട്ടയം ജില്ലയിലെ വെച്ചൂരിൽ ഒരു റൈസ് മിൽ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. വി.കെ. ചന്ദ്രൻ : കേരളത്തിൽ ലഭ്യമായ ഭൂമിയുടെ 33 ശതമാനം പ്രദേശത്തുമാത്രമാണ് നെൽക്കൃഷി നടപ്പാക്കുന്നതെന്നാണ് വിദഗ്ദ്ധൻമാരുടെ അഭിപ്രായം. അത് കൂടുതൽ വിപുലമായ രീതിയിൽ സംസ്ഥാനത്ത് വ്യാപിപ്പിക്കുന്നതിന് കഴിഞ്ഞ കാലഘട്ടങ്ങളിൽ കേരള സംസ്ഥാനത്ത് ആരംഭിക്കപ്പെട്ടിരുന്ന ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കാൻ ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : നമുക്ക് നെൽക്കൃഷിക്ക് സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ നെൽക്കൃഷി വികസിപ്പിച്ചെടുക്കുന്നതിനും സംരക്ഷിക്കുന്നതിനുംവേണ്ടിയാണ് ഈ നെൽക്കൃഷി വികസന ഏജൻസികൾക്ക് ഗവൺമെന്റ് രൂപം നൽകിയത്. ഈ ഏജൻസികളുടെ പ്രവർത്തനം ആരംഭിച്ചിട്ടേയുള്ളു. അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുമ്പോൾ നെൽക്കൃഷിക്ക് സാദ്ധ്യമായ പ്രദേശങ്ങൾ മുഴുവൻ കൃഷിക്ക് ഉപയുക്തമാക്കുകയെന്നതാണ് ഒന്നാമത്തെ ലക്ഷ്യം. അതിന്റെ ഭാഗമെന്നോണം ഗ്രൂപ്പ് ഫാമിംഗ് നടപ്പാക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഉദ്ദേശിക്കുന്നു. 1987-ലെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ കൃഷി വകുപ്പുമന്ത്രിയായിരുന്ന ബഹുമാന്യനായ വി.വി. രാഘവൻ നടപ്പാക്കി വിജയകരമാണെന്ന് നമുക്ക് തെളിയിക്കാൻ കഴിഞ്ഞ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം വരുന്ന സെപ്റ്റംബർ മാസം മുതൽ ആരംഭിക്കുന്ന മുണ്ടകൻ കൃഷിയുടെ കാലത്ത് പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ എന്നീ മൂന്നു ജില്ലകളിൽ ആരംഭം കുറിക്കുന്നതിനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.കെ. ചന്ദ്രൻ : ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം പുതിയ വിത്തിനങ്ങൾ ഉൽപ്പാദിപ്പിച്ച് കാർഷിക മേഖല മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമം നടത്തുകയുണ്ടായെങ്കിൽപ്പോലും സീസണിൽ കൃഷിക്കാർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാകുന്നില്ല. അതുകൊണ്ട് കൃഷിക്കാർ വളരെയേറെ പ്രയാസമനുഭവിക്കുന്ന സീസണിൽ കൃഷിക്കാർക്ക് നെല്ലിന് ന്യായമായ വില ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : കൊയ്ത്തുകാലത്ത് നെല്ലിന് ന്യായമായ വില കർഷകന് ഉറപ്പുവരുത്തുന്നതിനുവേണ്ടി ഇപ്പോൾത്തന്നെ ഒരു സംവിധാനം നിലവിലുണ്ട്. വിരിപ്പു കൃഷിക്കാലത്ത് ഗവൺമെന്റ് നേരിട്ട് നെല്ലിന് തറവില നിശ്ചയിക്കുകയും സഹകരണ സംഘങ്ങളും വെയർഹൗസിംഗ് കോർപ്പറേഷനും വഴി അത് ശേഖരിച്ച് സംസ്ക്കരിച്ച് ആ അരി സിവിൽ സപ്ലൈസ് കോർപ്പറേഷനും കൺസ്യൂമർ ഫെഡറേഷനും നൽകുന്ന നടപടിയാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. കഴിഞ്ഞ രണ്ടുവർഷമായി ഏറെക്കുറെ വിജയകരമായിട്ട് ഈ പദ്ധതി നടപ്പാക്കിവരുന്നുണ്ട്. മുണ്ടകൻ, പുഞ്ച എന്നീ സീസണുകളിലെ നെല്ല് അതാത് ജില്ലകളിലെ സഹകരണ സംഘങ്ങളുടെ പ്രതിനിധികളും കൃഷി വകുപ്പിന്റെ ഉദ്യോഗസ്ഥൻമാരും കർഷക സംഘടനാപ്രതിനിധികളും ഒന്നിച്ചുചേർന്ന് വില നിശ്ചയിച്ച് സഹകരണ സംഘങ്ങൾ ശേഖരിക്കുന്ന നടപടിയാണ് 1993 മുതൽ നടന്നുവരുന്നത്. ആ നടപടിയും ഇപ്പോൾ തുടർന്നുവരുന്നുണ്ട്. ഇതിൽ എവിടെയെങ്കിലും അപാകതകളുണ്ടെങ്കിൽ അപ്പോൾ ഗവൺമെന്റ് ഇടപെടുന്നതിനും നെല്ല് സംഭരിക്കുന്നതിനും അത് സജീവമാക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. ജി. സുധാകരൻ : കുന്നത്തൂർ, കരുനാഗപ്പള്ളി, മാവേലിക്കര, കാർത്തികപ്പള്ളി താലൂക്കുകൾ അടങ്ങുന്ന പ്രദേശത്ത് ഓണാട്ടുകര വികസന ഏജൻസിയുടെ പരിധിയിൽ വരുന്ന കായംകുളം നെല്ലുഗവേഷണ കേന്ദ്രത്തിന്റെ പേര് മാറ്റി പൊതുവായി കാർഷിക ഗവേഷണ കേന്ദ്രം എന്നാക്കി മാറ്റാൻ പ്രൊ-വൈസ്ചാൻസലർ പങ്കെടുത്ത ഒരു യോഗം തീരുമാനിച്ചതായി മിനിറ്റ്സ് വന്നിട്ടുണ്ട്. ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ നടപ്പാക്കുന്നതിനുമുമ്പ് ബന്ധപ്പെട്ട എല്ലാവരെയും വിളിച്ച് ചർച്ചചെയ്യാൻ തയ്യാറാകുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : അത് കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഒരു ഗവേഷണകേന്ദ്രമാണ്. ഇതിനെ സംബന്ധിച്ച് കാർഷിക സർവ്വകലാശാലയുടെ എക്സിക്യൂട്ടീവും ജനറൽ കൗൺസിലും തീരുമാനിക്കേണ്ടതുണ്ട്. അവർ തീരുമാനിച്ച് ഗവൺമെന്റിന്റെ അഭിപ്രായം ആരാഞ്ഞാൽ തീർച്ചയായും ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലുള്ള നിർദ്ദേശങ്ങൾ നൽകാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. ജി. സുധാകരൻ : പേര് മാറ്റണമെന്നല്ല ഞാൻ പറഞ്ഞത്. സർ, നെല്ലിന് ക്വിന്റലിന് ആയിരം രൂപയായി അഞ്ചുവർഷക്കാലത്തേക്ക് തറവില നിർണ്ണയിച്ച് അധികം വരുന്ന നെല്ല് എടുക്കാനുള്ള സംവിധാനമുണ്ടാക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : അഞ്ചുവർഷത്തേയ്ക്ക് അങ്ങനെ നെല്ലിന് മുൻകൂട്ടി തറവില നിശ്ചയിക്കാൻ സാദ്ധ്യമല്ല. ഉൽപ്പാദനച്ചെലവുമായി ബന്ധപ്പെടുത്തി ന്യായമായ വില കിട്ടാതെ വരുന്ന സന്ദർഭങ്ങളിലാണ് ഒരു ന്യായവില നിശ്ചയിച്ച് നെല്ല് സംഭരിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നത്. ഓരോ സീസണിലെയും നെല്ലിന്റെ വിലനിലവാരത്തെ അടിസ്ഥാനമാക്കിയായിരിക്കും അതിന് ഗവൺമെന്റ് തറവില നിശ്ചയിക്കുന്നത്.

ശ്രീ. പി. രാഘവൻ : ഈ നെൽക്കൃഷി വികസന ഏജൻസിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; കഴിഞ്ഞ രണ്ടുകൊല്ലക്കാലത്തെ പ്രവർത്തനഫലമായി നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ, അത് വ്യാപിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ? അതിന്റെ ഫലമെന്താണെന്ന് വ്യക്തമാക്കാൻ കഴിയുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ഞാൻ നേരത്തേ സൂചിപ്പിച്ചു ഈ വികസന ഏജൻസി രൂപീകരിച്ചിട്ട് രണ്ട് വർഷമേ ആയിട്ടുള്ളൂ. ഈ രണ്ടുവർഷത്തിനിടയിൽ ഈ ഏജൻസിയുടെ പ്രവർത്തനം സജീവമാക്കുന്നതിനുള്ള ശ്രമമാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. അതിന്റെ ഫലമായി ചില പ്രദേശങ്ങളിൽ ഏജൻസിയുടെ മുൻകൈയോടുകൂടി കൃഷിവികസനം നടത്താൻ കഴിഞ്ഞിട്ടുണ്ട്. പൊക്കാളി നെൽക്കൃഷി വികസന ഏജൻസി രൂപീകൃതമായതിനുശേഷം കഴിഞ്ഞ കുറെ വർഷങ്ങളായിട്ട് കൃഷി ചെയ്യാത്ത പ്രദേശങ്ങളിൽ പൊക്കാളിക്കൃഷി വികസിപ്പിക്കുന്നതിനും കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഓണാട്ടുകര മേഖലയിലെ നെൽക്കൃഷിയുടെ വികസനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. അതുപോലെതന്നെ തൃശ്ശൂർ കോൾനില വികസന ഏജൻസിയുടെ പ്രവർത്തനഫലമായിട്ട് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടന്നുവരികയാണ്. മറ്റു ഏജൻസികൾ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. രാഘവൻ : ഈ രണ്ടുകൊല്ലംകൊണ്ട് ഗവൺമെന്റ് ഈ പത്ത് ഏജൻസികൾക്കും എത്ര കാശ് കൊടുത്തിട്ടുണ്ട്?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : കഴിഞ്ഞ രണ്ടു വർഷങ്ങളിൽ വിവിധ ഏജൻസികൾക്ക് കൊടുത്ത തുക ഇപ്രകാരമാണ്. ഓണാട്ടുകര നെൽക്കൃഷി വികസന ഏജൻസിക്ക് 112 ലക്ഷം രൂപ, പാലക്കാട് നെൽക്കൃഷി വികസന ഏജൻസിക്ക് 112 ലക്ഷം രൂപ, പൊക്കാളി നെൽക്കൃഷി വികസന ഏജൻസിക്ക് 77 ലക്ഷം രൂപ, വൈക്കംകരിനില വികസന ഏജൻസിക്ക് 102 ലക്ഷം രൂപ, തുറവൂർ കരിനില വികസന ഏജൻസിക്ക് 47 ലക്ഷം രൂപ. പൊന്നാനി കോൾനില വികസന ഏജൻസിക്ക് 102 ലക്ഷം രൂപ, വയനാട് നെൽകൃഷി വികസന ഏജൻസിക്ക് 47 ലക്ഷം രൂപ കുട്ടനാട് നെൽക്കൃഷി വികസന ഏജൻസിക്ക് 112 ലക്ഷം രൂപ, തൃശ്ശൂർ കോൾനില വികസന ഏജൻസിക്ക് 304.9 ലക്ഷം രൂപ, പുറക്കാട് കരിനിലവികസന ഏജൻസിക്ക് 92 ലക്ഷം രൂപ. ഇതിനുപുറമെ തൃശ്ശൂർ കോൾനില വികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ നബാർഡിന്റെ കൂടി സാമ്പത്തിക സഹായത്തോടുകൂടി 30 കോടി രൂപയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുന്ന പ്രവർത്തനങ്ങൾക്കും പണം ചെലവഴിക്കുന്നുണ്ട്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, നെല്ല് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും നെൽക്കൃഷി സംരക്ഷിക്കുന്നതിനും നെൽക്കൃഷിക്കാർക്ക് പ്രോത്സാഹനം നൽകുന്നതിനുമായി ഒട്ടനവധി പദ്ധതികൾ നമ്മുടെ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ പത്തുകോടി രൂപയും നീക്കിവച്ചിട്ടുണ്ട്. കർഷ

LIBRARY ARCHIVES Kerala Legislative Assembly

കർക്ക് നൽകുന്ന ഉൽപ്പാദന ബോണസ് എത്രയാണ്; ആ തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, 1993-ലാണ് പ്രൊഡക്ഷൻ ബോണസ് നടപ്പാക്കുന്നതിന് ഗവൺമെന്റ് മുന്നോട്ടുവന്നത്. അന്നുവരെ നെൽക്കൃഷിക്കാർക്കു കൊടുത്തുകൊണ്ടിരുന്ന എല്ലാ ആനുകൂല്യങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഒരു ഹെക്ടറിന് 250 രൂപ ഉൽപ്പാദന ബോണസ്സായി നൽകാൻ അന്നത്തെ ഗവൺമെന്റ് തീരുമാനിച്ചത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അതു 350 രൂപയായി വർദ്ധിപ്പിച്ചു. ഗ്രൂപ്പ് ഫാമിംഗ് നടപ്പാക്കുന്നതിന്റെ ഭാഗമായി, തൃശ്ശൂർ, പാലക്കാട്, ആലപ്പുഴ ജില്ലകളിൽ ആ സംവിധാനം നടപ്പാക്കുമ്പോൾ ആ മൂന്നു ജില്ലകൾക്കായി പരീക്ഷണാർത്ഥം ഹെക്ടറൊന്നിന് ആയിരം രൂപാ വീതം ഇൻസെന്റീവായി നൽകണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, കർഷക രക്ഷാസമിതിയുടെ പ്രവർത്തനം നമ്മുടെ സംസ്ഥാനത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : പത്തുലക്ഷം കർഷകരെ ഉൾപ്പെടുത്തിക്കൊണ്ട് 'കർഷക രക്ഷാ പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി ആരംഭിക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. അതിന്റെ വിശദാംശങ്ങൾ ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. പിരപ്പൻകോട് മുരളി : ജനകീയാസൂത്രണം പ്രയോജനപ്പെടുത്തിക്കൊണ്ട് പാലക്കാട് ഗാലസ മാതൃകയിൽ നെൽക്കൃഷി കേരളത്തിലാകെ വ്യാപിപ്പിക്കാൻ ഗവൺമെന്റ് മുൻകൈയെടുക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, അവിടെ നടപ്പാക്കിയ നെൽക്കൃഷി വികസന പ്രവർത്തനങ്ങൾ കാർഷിക സർവ്വകലാശാലയുടെയും പാലക്കാട് ജില്ലാ പഞ്ചായത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിലാണ്. കൃഷി വികസന പദ്ധതി നടപ്പാക്കുമ്പോൾ അതിന്റെ വിശദാംശങ്ങൾ ഗവൺമെന്റ് പരിശോധിച്ച് വരികയാണ്. ആ പരിശോധനയിൽ അതു വളരെ വിജയകരമാണെന്ന് കാണുകയാണെങ്കിൽ ആ പദ്ധതി നമ്മുടെ സംസ്ഥാനത്താകെ വ്യാപിപ്പിക്കണമെന്നാണ് ഗവൺമെന്റിന്റെ ഉദ്ദേശം.

ശ്രീ. പിരപ്പൻകോട് മുരളി : സർ, നെൽക്കൃഷിക്കാർക്ക് കൃഷിച്ചെലവിന്റെ 50% നൽകാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇങ്ങനെയൊരു പദ്ധതിക്ക് രൂപം നൽകിയിട്ടില്ല.

ശ്രീ. പി.പി. തങ്കച്ചൻ : സർ, സംസ്ഥാന നെൽക്കൃഷി വികസന ഏജൻസിയുടെ മേൽനോട്ടത്തിൽ റൈസ് മില്ലുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന ഒരു ചോദ്യത്തിന് അങ്ങ് മറുപടി പറയുകയുണ്ടായി. ഈ അടുത്തകാലത്ത് കുട്ടനാട്ടിൽ സർക്കാരിന്റെ ആഭിമുഖ്യത്തിൽ ഒരു റൈസ് മില്ല് ആരംഭിക്കാൻ പോകുന്നു എന്ന് പത്രത്തിൽ വാർത്ത വായിച്ചു. അതു നെൽക്കൃഷി വികസന ഏജൻസിയുടെ പേരിലോ സഹകരണാടിസ്ഥാനത്തിലോ ആരംഭിക്കാതെ സർക്കാർ മേഖലയിൽ ആരംഭിക്കാൻ എന്താണ് പ്രത്യേക കാരണം?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഇതുമായി ബന്ധപ്പെട്ട ഒരു ചോദ്യമുണ്ട്. മൂന്ന് റൈസ് മില്ലുകളാണ് ആരംഭിക്കാൻ ഉദ്ദേശിച്ച് നടപടി

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചിട്ടുള്ളത്. ഒന്ന്, വൈക്കത്ത് വെച്ചൂർ-വൈക്കം കരിനില വികസന ഏജൻസിയുടെ ആഭിമുഖ്യത്തിലാണ്. മറ്റ് രണ്ട് റൈസ് മില്ലുകളും ഗവൺമെന്റിന്റെ തന്നെ ഉത്തരവാദിത്വത്തിൽ ആരംഭിക്കണമെന്നാണ് ഉദ്ദേശിച്ചത്. അതിന്റെ അടിസ്ഥാനത്തിലാണ് അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. അത് തകഴിയിലും ആലത്തൂരുമാണ്.

<u>ശ്രീ. പി.പി. തങ്കച്ചൻ</u> : ഗവൺമെന്റ് നേരിട്ട് റൈസ് മില്ലുകൾ ആരംഭിക്കാൻ എന്തെങ്കിലും പ്രത്യേക കാരണമുണ്ടോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : സർ, പ്രത്യേക കാരണമുണ്ടായിട്ടല്ല അങ്ങനെ തീരുമാനിച്ചത്. റൈസ് മില്ലുകൾ സ്ഥാപിച്ചതിനുശേഷം അതിന്റെ പ്രവർത്തനം ഏതെങ്കിലും ഗവൺമെന്റിന്റെ പൊതുമേഖലാ സ്ഥാപനങ്ങളെ ഏൽപ്പിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : സർ, തൃശ്ശൂർ കോൾനില വികസന ഏജൻസിയെക്കുറിച്ചു പറഞ്ഞു. മുപ്പതിനായിരം ഏക്കർ തൃശ്ശൂർ കോൾ നിലങ്ങളിൽ നബാർഡിന്റെ സഹായത്തോടുകൂടി കേരളാ ഗവൺമെന്റും കൃഷിവകുപ്പുംകൂടി നടപ്പാക്കിക്കൊണ്ടിരിക്കുന്ന മുപ്പതുകോടി രൂപയുടെ പദ്ധതിക്ക് നമുക്ക് നീട്ടി കിട്ടിയ സമയം കഴിഞ്ഞ മേയ് 31-ാം തീയതി കഴിഞ്ഞു. അത് വീണ്ടും നീട്ടി കിട്ടണമെന്ന് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ടോ; അതു സംബന്ധിച്ച തീരുമാനമായിട്ടുണ്ടോ? ഒരു വർഷം കൂടി നീട്ടിക്കിട്ടിയാൽ ആ പദ്ധതി നമുക്ക് പൂർത്തിയാക്കാൻ കഴിയും. അതിന്റെ നടപടികൾ എവിടെവരെയായി?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : കഴിഞ്ഞ മേയ് 31-ാം തീയതി പൂർത്തിയാകേണ്ടതായിരുന്നു ആ പദ്ധതി. വിശദമായ പരിശോധനയിൽ 85% വർക്കുകളേ പൂർത്തിയായിട്ടുള്ളൂ എന്നു ബോദ്ധ്യമായി. ബാക്കിയുള്ള 15% വർക്കുകളും കൂടി പൂർത്തീകരിച്ചാൽ മാത്രമേ നാം ഉദ്ദേശിച്ചതുപോലെ തൃശ്ശൂർ കോൾ നില വികസനം പൂർത്തിയാക്കാൻ കഴിയൂ. അതിനാൽ അടുത്ത മേയ് 31 വരെ കാലാവധി ദീർഘിപ്പിച്ചു തരണമെന്ന് സംസ്ഥാന ഗവൺമെന്റ് നബാർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ ചർച്ചകൾ നടന്നുവരികയാണ്.

<u>ഡോ. എം.എ. കുട്ടപ്പൻ</u> : സർ, എറണാകുളം ജില്ലയിലെ വൈത്തിരിയിലെ നെൽക്കൃഷി കർഷകർ നേരിടുന്ന പ്രശ്നങ്ങളിൽ ഒന്ന് പാടങ്ങളിൽ യന്ത്രങ്ങൾ ഇറക്കാൻ കഴിയുന്നില്ല എന്നുള്ളതാണ്. ട്രാക്ടറും ടില്ലറും അവിടെ പാടങ്ങളിൽ ഇറക്കിക്കഴിഞ്ഞാൽ താണുപോകുന്നു. അതുകൊണ്ട് ഈ പാടങ്ങളിൽ ഉപയോഗിക്കാൻ ശേഷിയുള്ള പ്രത്യേക യന്ത്രങ്ങൾ ഡിസൈൻ ചെയ്യാൻവേണ്ടി പഠനം നടത്താൻ ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലെ ചില ഉദ്യോഗസ്ഥൻമാരെ വിദേശത്തേക്ക് അയച്ചതായി പറഞ്ഞു കേട്ടു. അവർ വിദേശത്തു പോയി ഡിസൈൻ തയ്യാറാക്കിയോ? പുതിയ യന്ത്രങ്ങളുണ്ടാക്കിയോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : സർ, കാംകോയിലെ രണ്ട് എഞ്ചിനീയർമാരെ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ മനസ്സിലാക്കാനായി വിദേശത്തേക്ക് അയച്ചിരുന്നു. വൈത്തിരി നെൽക്കൃഷി പ്രദേശങ്ങൾക്കും കരിനില പ്രദേശങ്ങൾക്കും കുട്ടനാടൻ പ്രദേശങ്ങൾക്കും തൃശ്ശൂർ കോൾ നില പ്രദേശങ്ങൾക്കും വേണ്ടിയുള്ള യന്ത്രവൽക്കരണ പഠനം നടത്താനാണ് അവർ പോയത്. വിശദമായ പല കാര്യങ്ങൾ ശേഖരിച്ചാണ് അവർ തിരിച്ചുവന്നത്. അതിന്റെ ഫലമായി ചില കൊയ്ത്ത്, മെതിയന്ത്രം, പവർ ടില്ലറുകൾ

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങിയവ വികസിപ്പിച്ചെടുക്കുന്നതിന് കാംകോ ഉദ്ദേശിക്കുന്നുണ്ട്. അതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്.

ശ്രീ. എ. കണാരൻ : സർ, അങ്ങയുടെ പ്രസ്താവന അനുസരിച്ച് കേരളത്തിലാകെ ഒരു കൊല്ലം കൊണ്ട് കൊയ്ത്ത് മെതിയന്ത്രം വ്യാപകമാക്കിയാൽ പത്ത് ലക്ഷത്തോളം വരുന്ന കർഷകരെ ജോലിയിൽ നിന്നും പറിച്ചെറിയപ്പെടുന്ന അവസ്ഥ വന്നു ചേരും. കൃഷിപ്പണിക്ക് ആളെ കിട്ടുന്നില്ല എന്നുള്ള അവസ്ഥ ഉണ്ടായിട്ടുള്ളതായും അങ്ങ് പറഞ്ഞിട്ടുണ്ട്. അതിനും വ്യവസ്ഥയുണ്ടാകണം. കുട്ടനാട്ടിൽ ഇപ്പോൾ ഒരു വ്യവസ്ഥയുണ്ട്. ട്രാക്ടറോ കൊയ്ത്തു മെതിയന്ത്രമോ ഉപയോഗിക്കുമ്പോൾ യന്ത്രംകൊണ്ട് ഉണ്ടാകുന്ന ലാഭം പണിയെടുത്ത ആളുകൾക്ക് കിട്ടത്തക്ക സംവിധാനമുണ്ട്. അതുപോലെ യന്ത്രം ഉപയോഗിക്കുമ്പോൾ ഇതിന്റെ ആനുകൂല്യം ബന്ധപ്പെട്ട കൃഷിക്കാർക്ക് കിട്ടാനുള്ള സംവിധാനം ഉണ്ടാക്കേണ്ടിവരും. അതുപോലെ നെൽക്കൃഷി ഏജൻസി മലബാർ ഭാഗത്തും കോഴിക്കോട് ഭാഗത്തും വേണ്ടേ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : നെൽക്കൃഷി മേഖലയിൽ യന്ത്രവൽക്കരണം വേണ്ടിവരുന്നത് ആ മേഖലയിൽ ആവശ്യത്തിന് കർഷകത്തൊഴിലാളികളുടെ ലഭ്യതയില്ലാത്തതുകൊണ്ടാണ്. നെൽക്കൃഷി മേഖലയിൽ ജോലി ചെയ്യാൻ തയ്യാറായി മുന്നോട്ടുവരുന്ന മുഴുവൻ കർഷകത്തൊഴിലാളികൾക്കും തൊഴിൽ നൽകിക്കൊണ്ടുതന്നെയാണ് യന്ത്രവൽക്കരണം നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു നെൽക്കൃഷി മേഖലയിൽ യന്ത്രവൽക്കരണം വേണ്ടിവരുന്നത് ആ മേഖലയിൽ ആവശ്യത്തിന് തൊഴിലാളികളെ ലഭ്യമല്ലാത്തതുകൊണ്ടാണെന്ന്. അപ്പോൾ തൊഴിലാളികൾ ലഭ്യമായ സ്ഥലങ്ങളിൽ ഇത് നടപ്പിലാക്കുകയില്ലെന്നതാണോ ഗവൺമെന്റിന്റെ നയം? അതാണ് ഒരു കാര്യം. രണ്ടാമത്തെ കാര്യം, കാർഷിക മേഖലയിൽ ഇന്ന് കൃഷി വളരെ നഷ്ടമായതുകൊണ്ടാണ് കൃഷി ചെയ്യാത്തത്. ബഹുമാനപ്പെട്ട കണാരൻ പറഞ്ഞത് ശരിയാണ്. കാരണം ഇതിന്റെ ഗുണം തൊഴിലാളിക്ക് ലഭിക്കണം. നഷ്ടമുള്ളതുകൊണ്ടാണ് യന്ത്രവൽക്കരിക്കുന്നത്. അതുകൊണ്ട് ആ തൊഴിലാളിക്ക് പ്രത്യേകമായി ഇതിനുള്ള വേതനവും സൗകര്യവും കിട്ടാൻ ഗവൺമെന്റ് ഒരു സ്കീമുണ്ടാക്കാൻ തയ്യാറാകുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യം നല്ലതാണ്. അങ്ങനെ മുഴുവൻ കർഷകത്തൊഴിലാളികളുടെയും അവരുടെ വേതനവും പരിരക്ഷയുമൊക്കെ 100 ശതമാനം കൃഷിവകുപ്പിനോ ഗവൺമെന്റിനോ ഏറ്റെടുക്കാൻ കഴിയുകയില്ല. അതുകൊണ്ട് ഉൽപ്പാദനച്ചെലവ് പരമാവധി കുറയ്ക്കുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ ഉദ്ദേശം. രണ്ടാമത്തെ കാര്യം, തൊഴിൽ ചെയ്യാൻ തയ്യാറുള്ള കർഷകത്തൊഴിലാളിയുടെ തൊഴിൽ സംരക്ഷിക്കുകയെന്നതാണ്. ഇത് രണ്ടും ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഒരു യന്ത്രവൽക്കരണത്തെക്കുറിച്ചാണ് ഗവൺമെന്റ് ആലോചിക്കുന്നത്.

മി. സ്പീക്കർ : ചോദ്യം 62

2 (*62) ബസ്ചാർജ്ജ് വർദ്ധനവ്

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. കെ.എം. മാണി :

LIBRARY ARCHIVES Kerala Legislative Assembly